No. of Printed Pages : **2**

# GN-127

100469

III Semester B.Com./B.B.A./B.H.M. Examination, December- 2019
(CBCS) (F+R) (2015-16 and Onwards)

## MALAYALAM LANGUAGE - III

Time : 3 Hours Max. Marks : 70

**I.** നാലു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക (ആശയം, സന്ദർഭം വ്യക്തമാക്കുക) **4x3=12**

(a) 'വല്ലാതെ നോക്കി നിൽക്കുന്നു
ഇല്ല ചത്തിട്ടില്ല സിംഹം'

(b) കാണുവാനിടിഞ്ഞൊരീഗോപുരം, വാവലുകൾ
വീണു തൂങ്ങുന്ന തൃക്കോവിൽ

(c) 'അവിടെ ഞാൻ മുടിയഴിഞ്ഞണിമലർക്കുല പൊഴി-
ഞ്ഞൊരു നാളുമാടിയിട്ടില്ല.

(d) 'മകനെ വാഴുക നീ, ഞാനുള്ളാൽ
മൊഴിവു നീയാണെൻ നാടിന്റെ
പ്രഭാതത്തിന്റെ പ്രതീകം'

(e) 'വിറപൂണ്ട കൈനീട്ടി നിന്നോടു ഞാനെന്റെ
യുടയാട വാങ്ങിയിട്ടില്ല'

**II.** (a) ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. (ഒന്നര പുറത്തിൽ കവിയാതെ). **2x6=12**

(i) കൃഷ്ണനെക്കുറിച്ചുള്ള ഗോപികയുടെ ആകുലതകൾ എന്തെല്ലാം?

(ii) 'പ്രകൃതിയോടുള്ള മനുഷ്യന്റെ ക്രൂരത' – 'മുറിവേറ്റ സിംഹം' എന്ന കവിതയെ ആസ്പദമാക്കി എഴുതുക.

(iii) ദാരിദ്ര്യമനുഭവിക്കുന്ന ഒരു സമൂഹത്തിന്റെ പ്രതീകമാണ് 'കറുത്ത കൂറയിൽ പൊതിഞ്ഞു കിടക്കുന്ന കുട്ടി' – 'ഒരു സ്വാതന്ത്ര്യദിനത്തിൽ' – കവിത ആസ്പദമാക്കി വിവരിക്കുക.

(b) ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. (ഒന്നര പുറത്തിൽ കവിയാതെ ഉത്തരമെഴുതുക). **2x6=12**

(i) കണ്ണൻ എന്ന കഥാപാത്രം

(ii) 'ഒരു മനുഷ്യൻ' എന്നത് യഥാർത്ഥ സംഭവമോ ? വിവരിക്കുക.

(iii) മുത്തുവേടത്തി എന്ന കഥാപാത്രം

**P.T.O.**

**III.** ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരമെഴുതുക (രണ്ടര പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.) **1x14=14**

(a) തകർച്ചയെക്കുറിച്ചും, പ്രതാപത്തെക്കുറിച്ചുമുള്ള അമ്പലമണിയുടെ ഓർമ്മകൾ വിവരിക്കുക.

(b) 'കൃഷ്ണാ നീയെന്നെയറിയില്ല' എന്ന കവിതയ്ക്ക് ആസ്വാദനമെഴുതുക.

**IV.** താഴെ കൊടുത്തിരിക്കുന്ന ചോദ്യത്തിന് ഉത്തരമെഴുതുക. (രണ്ടര പുറത്തിൽ കവിയാതെ ഉത്തരമെഴുതുക) **1x14=14**

നരകയാതന അനുഭവിക്കുന്ന സ്ത്രീകഥാപാത്രങ്ങൾ - 'പാപത്തറ' ആസ്പദമാക്കി വിവരിക്കുക .

**V.** ആശയം മൂന്നിലൊന്നായി സംഗ്രഹിക്കുക. **3**

സൂര്യതാപോർജ്ജം ഭൂമിയിൽ വന്നു തട്ടി വായുവിലൂടെ തിരിച്ച് ബാഹ്യാന്തരീക്ഷ-ത്തിലേയ്ക്കു മടങ്ങുന്ന സങ്കീർണ്ണമായ വ്യവസ്ഥയാണ് ജീവന്റെ നിലനില്പിന് ആധാരം. ഈ വായുക്കളുടെ ശീതോഷ്ണാവസ്ഥയുടെ സന്തുലിതഭാവമാണ് ഇന്ന് അപകട ഘട്ടത്തിലെത്തിയിരിക്കുന്നത്. കൽക്കരി, എണ്ണ, വാതകം, വിറക് എന്നിവയുടെ നിരന്തരമായ കത്തിക്കൽ നിമിത്തം കാർബൺ ഡയോക്സൈഡ് അമിതമായ തോതിൽ വായുമണ്ഡലത്തിലേക്കു വിസർജ്ജിക്കപ്പെടുന്നു. കൂടാതെ വമ്പിച്ച തോതിലുള്ള വനദഹനം, രാസവ്യവസായങ്ങൾ, കോടാനുകോടി വാഹനങ്ങൾ തുടങ്ങി ജനകോടികളുടെ ഉച്ഛ്വാസം വരെ ഈ തോതു വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നു. 1987 ആമസോണിയയിൽ കൃഷിയ്ക്കും കാലി മേയ്ക്കലിനും വികസനത്തിനുമായി 5 കോടി 10 ലക്ഷം ഏക്കർ വനം ചുട്ടെരിക്കപ്പെട്ടു. ആറുമാസം നീണ്ടുനിന്ന ഈ ദഹനഫലമായി 62 ദശലക്ഷം ടൺ കാർബൺ ഡയോക്സൈഡ് വാതകം വായുവിൽ കലർന്നു എന്ന് ശാസ്ത്രജ്ഞന്മാർ കണക്കാക്കിയിരിക്കുന്നു.

**VI.** നിങ്ങൾക്കിഷ്ടപ്പെട്ട ഒരു കവിയെക്കുറിച്ച് വിവരിക്കുക. **3**

- o 0 o -